ഉത്തരം

(എ & ബി) ഉണ്ട്. കേന്ദ്ര ബജറ്റിൽ 1.25 ലക്ഷം ഗ്രാമങ്ങളിലെ വൈദ്യുതീകരണം അഞ്ചു വർഷത്തിനുള്ളിൽ നടപ്പാക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു. ഇതിനായി 2005-06 ബജറ്റിൽ 1100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

ഇതിനനുസൃതമായി വൈദ്യുതി ബോർഡ് 2700 റവന്യൂ വില്ലേജിൽ വരുന്ന ഗ്രാമപ്രദേശങ്ങൾ വൈദ്യുതീകരിക്കുന്നതിനുവേണ്ടി 348.11 കോടി രൂപ ചെലവുവരുന്ന ഒരു പദ്ധതി കേന്ദ്ര ഗവൺമെന്റിന്റെ അനുമതിക്കുവേണ്ടി സമർപ്പിച്ചിട്ടുണ്ട്. പെട്രോളിയം ഉൽപ്പന്നങ്ങളുടെ കസ്റ്റംസ് ഡ്യൂട്ടി കുറച്ചതും ടെക്നിക്കൽ സർവ്വീസുകളുടെ നികുതി കുറച്ചതും യന്ത്രസാമഗ്രികളുടെ നികുതിയിൽ വരുത്തിയ മാറ്റങ്ങളും വൈദ്യുതി മേഖലയ്ക്ക് അനുകൂലമാകുമെന്നും പ്രതീക്ഷിക്കുന്നു.

ബോർഡ് നേരിടുന്ന നഷ്ടം ഒഴിവാക്കാൻ നടപടി

10 [2627] ശ്രീ. പി. ജെ. ജോയി:
ശ്രീമതി ശോഭനാ ജോർജ്:
ശ്രീ. ടി. വി. ചന്ദ്രമോഹൻ:
ഡോ. എം. എ. കുട്ടപ്പൻ:
ശ്രീ. എം. എ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1990 മാർച്ച് 31, 1995 മാർച്ച് 31, 2000 മാർച്ച് 31, 2004 ഡിസംബർ 31 എന്നീ തീയതികളിലെ കണക്കനുസരിച്ച് വൈദ്യുതിയുടെ ഒരു ദിവസത്തെ ട്രാൻസ്മിഷൻ, ഡിസ്ട്രിബ്യൂഷൻ നഷ്ടമെത്രയെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇത് ഒരു ദിവസം വിതരണം ചെയ്യുന്ന വൈദ്യുതിയുടെ എത്ര ശതമാനമാണ് എന്ന് വിശദമാക്കുമോ;

(സി) ഇങ്ങനെ നഷ്ടം വരുന്ന വൈദ്യുതിക്ക് എന്തു വിലവരും, ട്രാൻസ്മിഷൻ, ഡിസ്ട്രിബ്യൂഷൻ നഷ്ടം എത്രയായി കുറച്ചാൽ ബോർഡിന് നേരിടുന്ന നഷ്ടം ഒഴിവാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1990 മാർച്ച് 31 .. 3.69 m. u.
1995 മാർച്ച് 31 .. 4.84 m. u.
2000 മാർച്ച് 31 .. 5.66 m. u.
2004 ഡിസംബർ 31 .. 8.58 m. u.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1990 മാർച്ച് 31 .. 22.78 %

1995 മാർച്ച് 31 .. 20.04 %

2000 മാർച്ച് 31 .. 17.41 %

2004 ഡിസംബർ 31 .. 24.67 %

(സി) പ്രസരണ-വിതരണ നഷ്ടം പ്രതിവർഷം 2% കുറയ്ക്കാനാണ് ലക്ഷ്യ മിട്ടിട്ടുള്ളത്. ഇതുവഴി ഏകദേശം 0.7 ദശലക്ഷം യൂണിറ്റ് വൈദ്യുതി പ്രതിദിനം ലാഭിക്കുവാനും തൻമൂലം പ്രതിവർഷം 100 കോടി രൂപ ലാഭിക്കാനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ഭൂഗർഭ കേബിളിലൂടെ വൈദ്യുത വിതരണം

11 [2628] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ഇ. ബി.-യുടെ നിയന്ത്രണത്തിൽ വൈദ്യുതി വിതരണത്തി നായി എത്ര സെക്ഷനുകളിൽ ഭൂഗർഭ കേബിൾ ലൈനുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) എത്ര ഉപഭോക്താക്കൾക്ക് ഈ സംവിധാനത്തിന്റെ പ്രയോജനം ലഭിക്കുന്നുവെന്ന് വിശദമാക്കാമോ;

(സി) ഭൂഗർഭ/ഉപരിതല ലൈനുകളിലൂടെ വൈദ്യുതി വിതരണത്തിന് വേണ്ടി വരുന്ന ചെലവുകളുടെ താരതമ്യപഠനം നടത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ നഗര/ഗ്രാമമേഖലകളിൽ ഒരു കിലോമീറ്റർ ഭൂഗർഭ/ഉപരിതല വൈദ്യുതി ലൈനിന് വേണ്ടിവരുന്ന പ്രാരംഭപരിപാലന ചെലവുകൾ വിശദമാക്കാമോ;

(ഇ) തലസ്ഥാന നഗര മേഖലയിലെ പ്രധാന പാതകളിൽ വൈദ്യുതി വിതരണം ഭൂഗർഭ കേബിളുകളിലൂടെയാക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 138

(ബി) 497540

(സി) ഉണ്ട്.

(ഡി) ഭൂഗർഭ ലൈനിന്റെ പ്രാരംഭ ചെലവ് ഉപരിതല ലൈനിനുവേണ്ടി വരുന്ന ചെലവിന്റെ ഏഴു മടങ്ങ് കൂടുതലാണ്. പരിപാലന ചെലവ് ഭൂഗർഭ ലൈനിന് പ്രാരംഭ ചെലവിന്റെ ഒരു ശതമാനത്തോളവും ഉപരിതല ലൈനിന് പ്രാരംഭ ചെലവിന്റെ പത്തു ശതമാനത്തോളവും വരും.

LIBRARY ARCHIVES Kerala Legislative Assembly